# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
## മുളംകുന്നത്തുകാവ്, തൃശൂർ.

നമ്പർ : കില/എഡി—2016/101/668 01.01.2018

**<u>ക്വൊട്ടേഷൻ നോട്ടീസ്</u>**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) പരിശീലനാർത്ഥികൾക്ക് നൽകുന്നതിന് ആവശ്യമായ തുണി സഞ്ചികൾ തയ്യാറാക്കി നൽകുന്നതിന് തയ്യാറുള്ള സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള ക്വൊട്ടേഷനുകൾ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്ഷണിയ്ക്കുന്നു.

1. തുണി സഞ്ചി ഒന്നിന് ഒരു വർഷത്തേയ്ക്കുള്ള നിരക്കാണ് ക്വൊട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. തുണി സഞ്ചിയുടെ നിരക്ക് പ്രത്യേകമായി അനുബന്ധം 1-ൽ രേഖപ്പെടുത്തേണ്ടതാണ്.
2. ക്വൊട്ടേഷനുകൾ സമർപ്പിക്കുന്നതിനു മുമ്പ് കില ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള തുണി സഞ്ചിയുടെ സാമ്പിൾ/മോഡൽ പരിശോധിക്കേണ്ടതാണ്.
3. കൂടാതെ ക്വൊട്ടേഷൻ നൽകുന്ന സ്ഥാപനം ക്വൊട്ടേഷനിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ അനുസരിച്ച് ഉണ്ടാക്കിയ സാമ്പിൾ സഞ്ചി ക്വൊട്ടേഷനോടൊപ്പം നിർബന്ധമായും നൽകേണ്ടതാണ്.
4. ഉദ്ദേശം ഒരു വർഷം 10000-ത്തോളം തുണി സഞ്ചികൾ ആവശ്യമായി വരുമെന്ന് കണക്കാക്കാം.
5. ക്വൊട്ടേഷൻ അംഗീകരിച്ചു നൽകുന്ന സ്ഥാപനം 200/- രൂപ മുദ്രപത്രത്തിൽ ഒരു വർഷത്തേക്ക് ടി വകകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് കരാറിൽ ഏർപ്പെടേണ്ടതാണ്.
6. കരാർ കാലാവധിയിൽ ഒരു കാരണവശാലും അംഗീകരിച്ച തുകയിൽ വർദ്ധനവ് അനുവദിയ്ക്കുന്നതല്ല.
7. ക്വൊട്ടേഷൻ അംഗീകരിച്ചു നൽകുന്ന സ്ഥാപനം സെക്യൂരിറ്റി തുകയായി 25,000/- രൂപ കിലയിൽ കരാർ ഏർപ്പെടുന്ന സമയം പണമായോ, ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കേണ്ടതാണ്.
8. കിലയിൽ നിന്ന് ആവശ്യാനുസരണം ഓർഡർ ലഭിയ്ക്കുന്ന മുറയ്ക്ക് 15 ദിവസത്തിനുള്ളിൽ ടി വസ്തു കിലയിൽ വിതരണം ചെയ്യേണ്ടതാണ്. ഓരോ സപ്ലൈയുടേയും ബിൽ സമർപ്പിക്കുന്ന മുറക്ക് തുക അനുവദിക്കുന്നതാണ്.

9. മേൽ സമയത്തിനുള്ളിൽ വിതരണം ചെയ്യാൻ സാധിച്ചില്ല എങ്കിൽ ആയത് മുഖാന്തിരം ഈ സ്ഥാപനത്തിന് വരുന്ന എന്തെങ്കിലും അധിക ചെലവുകൾ കരാറിൽ ഏർപ്പെടുന്ന സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതാണ്.

10. തുണിസഞ്ചികൾ തയ്യാറാക്കി കിലയിൽ എത്തിച്ചു കൊടുക്കുന്നതിന് യാതൊരു അഡ്വാൻസും നൽകുന്നതല്ല. നികുതിയും എല്ലാവിധ ചിലവുകളും ഉൾപ്പെടെയുള്ള തുകയാണ് ക്വൊട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

11. ക്വൊട്ടേഷനിൽ പറഞ്ഞിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കണം തുണി സഞ്ചികൾ നിർമ്മിക്കേണ്ടത്.

12. ലഭ്യമായ ക്വൊട്ടേഷനുകളും മോഡലുകളും പരിശോധിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണ അധികാരം കില ഡയറക്ടറിൽ നിക്ഷിപ്തമാണ്.

13. ക്വൊട്ടേഷൻ നിരദ്രവ്യമായി 1000/- രൂപയുടെ കില ഡയറക്ടറുടെ പേരിൽ തൃശൂർ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റോ അല്ലെങ്കിൽ പണമോ നേരിട്ട് കിലയിൽ അടച്ച് രസീതിന്റെ കോപ്പി എന്നിവ നൽകേണ്ടതാണ്.

14. സീൽ ചെയ്ത ക്വൊട്ടേഷനുകൾ/സാമ്പിൾ അടക്കം 15.01.2018 ന് 3.00 മണി വരെ സ്വീകരിയ്ക്കുന്നതും അന്നേ ദിവസം 3.30-ന് ഹാജരായ ക്വൊട്ടേഷൻ നൽകിയ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

15. ക്വൊട്ടേഷനുകൾ *"ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്. പി.ഒ., തൃശൂർ - 680 581"* എന്ന വിലാസത്തിൽ കവറിനു പുറത്ത് '*തുണി സഞ്ചി*'ക്കുള്ള ക്വൊട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ഡയറക്ടർ

FINANCE & ACCOUNTS OFFICER
Kerala Institute of Local Administration (KILA)
Mulamkunnathukavu P.O
Thrissur - 680 581, Kerala
Tel: +91-487-2207004

1. നോട്ടീസ് ബോർഡ്, കില
2. വെബ് സൈറ്റ്, കില

**അനുബന്ധം – 1**

**<u>തുണി സഞ്ചി</u>**

| നമ്പർ | ഇനം | അളവ് |
|---|---|---|
| 1 | മെറ്റീരിയൽ | ഹാൻഡ്‌ലൂം കോട്ടൺ തുണി |
| 2 | സൈസ് | 13 ഇഞ്ച് X 15 ഇഞ്ച് |
| 3 | ഹാൻഡിൽ | നീളം – 28 ഇഞ്ച് X വീതി – 1 ഇഞ്ച് (2 എണ്ണം) |
| 4 | ബോക്സ് | 3 ഇഞ്ച് പ്ലെയിൻ ഫാബ്രിക്സ് |
| 5 | ഫ്ളാപ്പ് | 2 ഇഞ്ച് വീതി (2 സൈഡ്) |
| 6 | സിബ്ബോടു കൂടിയ ഔട്ടർ പോക്കറ്റ് | 6.7 ഇഞ്ച് X 6.75 ഇഞ്ച് |
| 7 | സിബ്ബോടു കൂടിയ ഇന്നർ പോക്കറ്റ് | 6.7 ഇഞ്ച് X 6.75 ഇഞ്ച് |
| 8 | പ്രധാന സിബ്ബ്<br>(ഹൈ ക്വാളിറ്റി സിബ്ബ്) | 16 ഇഞ്ച് |

<u>ക്വോട്ട് ചെയ്യുന്ന തുക</u>

തിയതി :

ക്വോട്ട് ചെയ്ത വ്യക്തിയുടെ ഒപ്പ്

ഓഫീസ് സീൽ

FINANCE & ACCOUNTS OFFICER
Kerala Institute of Local Administration (KILA)
Mulamkunnathukavu P.O
Thrissur - 680 581, Kerala
Tel: +91-487-2207004